ശ്രീമതി സുശീലാ ഗോപാലൻ : ചില നിർദ്ദേശങ്ങൾ ഉണ്ട്. അതിനെ ബെയ്സ് ചെയ്തുകൊണ്ട് ഹോൾഡിംഗ് കമ്പനി ഉണ്ടാക്കി, കേരളത്തിലുള്ളവരുടെയും അല്ലാത്തവരുടെയും നിക്ഷേപങ്ങൾ സമാഹരിച്ച് പകുതി ഇവിടെയും പകുതി ഷാർജയിലും ഇൻവെസ്റ്റ് ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. രണ്ടു കൂട്ടരുടെയും ഇൻവെസ്റ്റ്മെന്റ് കിട്ടാനുള്ള സാദ്ധ്യതയുണ്ട്.

ശ്രീമതി എൻ.കെ. രാധ : എന്റെ നിയോജകമണ്ഡലത്തിലെ പെരുവണ്ണാമുഴി ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഷാർജ ഗവൺമെന്റുമായി സംയുക്തമായി ഒരു പദ്ധതി ആരംഭിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : പുതിയ നിർദ്ദേശമാണ്. എന്ത് ചെയ്യണമെന്നുള്ള കാര്യം ആലോചിക്കാം.

ശ്രീ. എം. ദാസൻ : സംസ്ഥാനത്തിന്റെ വ്യവസായ വികസനം ലക്ഷ്യംവച്ചുകൊണ്ട് വിദേശ മലയാളികളുമായി ചേർന്ന് കൂട്ടുസംരംഭം ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും കരാറുകളിൽ ഗവൺമെന്റ് ഒപ്പു വച്ചിട്ടുണ്ടോ ?

ശ്രീമതി സുശീലാ ഗോപാലൻ : ഗവൺമെന്റ് തലത്തിൽ അത്തരത്തിലുള്ള കരാറുകളിലൊന്നുംതന്നെ ഒപ്പുവച്ചിട്ടില്ല. ഈ രംഗത്ത് പലരുമായി ബന്ധം സ്ഥാപിക്കുകയും അവരെ ഇൻവെസ്റ്റ് ചെയ്യാൻ പ്രേരിപ്പിക്കുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കരാറിന്റെ ഒരു പ്രാരംഭ നടപടിയായിട്ടാണ് ഷാർജയുമായിട്ടുള്ള ഒരു ഹോൾഡിംഗ് കമ്പനിയുടെ നിർദ്ദേശം നമ്മൾ മുന്നോട്ടു വച്ചിട്ടുള്ളത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കയർ വ്യവസായത്തിന്റെ പുതിയ സാദ്ധ്യതകൾ

5 (*412) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എളമരം കരീം :
ശ്രീ. എ. കണാരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ വ്യവസായത്തിന്റെ പുതിയ സാദ്ധ്യതകൾ കണ്ടെത്താനും പ്രസ്തുത വ്യവസായത്തെ വികസിപ്പിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കയർ വ്യവസായരംഗത്തെ സാദ്ധ്യതകൾ കണ്ടെത്തുന്നതിനായി ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) കയറിന് വിദേശവിപണി കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ വിദേശരാജ്യങ്ങളിലാണ് വിപണി സാദ്ധ്യമായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം എന്തു തുകയുടെ വിദേശനാണ്യം കയർ വിപണിയിലൂടെ നേടിയെന്ന് വെളിപ്പെടുത്താമോ ;

(ഇ) കഴിഞ്ഞ 4 വർഷത്തിനിടയിൽ കയർ വ്യവസായരംഗത്ത് ലാഭമുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ):

(എ) ഉണ്ട്. കയർജിയോ ടെക്സ്റ്റയിൽസിന്റെ വികസനം ലക്ഷ്യമാക്കി 865 ലക്ഷം രൂപ ചെലവുപ്രതീക്ഷിക്കുന്ന ഒരു പദ്ധതിക്ക് സർക്കാർ രൂപംനൽകി നടപ്പാക്കിവരുന്നു. കയർ യൂണിറ്റിന്റെ ഉപയോഗം വൻപിച്ച തോതിൽ വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കയറുല്പന്ന നിർമ്മാണരംഗത്ത് വിദേശവിപണി ലക്ഷ്യമാക്കി ഗുണമേന്മയേറിയ കയർമാറ്റ്സ് ആന്റ് മാറ്റിംഗ് നിർമ്മിക്കുന്ന 5.13 കോടി രൂപയുടെ 5 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ അടുത്ത 6 മാസത്തിനുള്ളിൽ പൂർത്തിയാകുന്നതാണ്. കൂടാതെ 3.70 കോടിരൂപയുടെ 4 മാറ്റ്സ് ആന്റ് മാറ്റിംഗ് യൂണിറ്റുകൾകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ചിറയിൻകീഴിൽ 2.35 കോടിരൂപ മുതൽമുടക്കുള്ള ഒരു കയർമാട്രസ്സ് യൂണിറ്റ് സഹകരണമേഖലയിൽ സ്ഥാപിക്കുന്നതിനുള്ള ധനസഹായവും അനുവദിച്ചുകഴിഞ്ഞു. ആലപ്പുഴ ജില്ലയിൽ സ്വകാര്യമേഖലയിൽ ഒരു കയർ പാർക്ക് സ്ഥാപിക്കുവാനും നടപടി സ്വീകരിക്കുകയുണ്ടായി. പുതിയ കയറുല്പന്നങ്ങൾ നിർമ്മിക്കുന്ന 9.5 കോടി രൂപയുടെ 14 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 21.15 ഏക്കർഭൂമി 14 സ്വകാര്യ ഉല്പാദകർക്ക് അനുവദിച്ചു. ഇതിൽ 4 യൂണിറ്റുകൾ ഉല്പാദനം ആരംഭിക്കുകയും ചെയ്തു. കേരളത്തിലെ തെരഞ്ഞെടുത്ത കയർത്തൊഴിലാളി മേഖലകളിൽ കയർസഹകരണ സംഘങ്ങളുടെ അധീനതയിൽ കയർ ഉല്പാദന നിർമ്മാണ യൂണിറ്റുകളുടെ സമുച്ചയം എക്കോകയർ വില്ലേജുകൾ എന്ന പേരിൽ സ്ഥാപിക്കാനുള്ള പദ്ധതിയും സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്. നടപ്പുവർഷം നടപ്പാക്കുന്ന കയർജിയോ ടെക്സ്റ്റയിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ നടത്തിപ്പിന് ആവശ്യമായ ശാസ്ത്ര സാങ്കേതികസഹായം ലഭ്യമാക്കാൻ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതു കൂടാതെ ശാസ്ത്രസാങ്കേതിക സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കയർ വ്യവസായത്തിലെ പുതിയ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് കൊല്ലം ജില്ലയിൽ പെരുമൺ എന്ന സ്ഥലത്ത് ഒരു ഹൈടെക് കയർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പുതിയ കയറുല്പന്നങ്ങളുടെ നിർമ്മാണം,

LIBRARY ARCHIVES Kerala Legislative Assembly

കയറുല്പന്ന നിർമ്മാണരംഗത്ത് ആവശ്യമായ യന്ത്രങ്ങളും പുതിയ കയറുല്പന്നങ്ങളും വികസിപ്പിച്ചെടുക്കുന്നതിന് ഗവേഷണം, പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളായിരിക്കും ഹൈടെക് കയർപാർക്കിൽ ഉണ്ടാവുക. ഇതുകൂടാതെ കയർഫെഡിന്റെ നിയന്ത്രണത്തിൽ ഒരു റിസർച്ച് ആന്റ് ഡെവലപ്പുമെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. അർജന്റീന, ആസ്ട്രേലിയ, ബ്രസീൽ, ബഹ്റൈൻ, ബെൽജിയം, കാനഡ, ചിലി, ഡെൻമാർക്ക്, ഈജിപ്റ്റ്, ഫ്രാൻസ്, ഫിൻലാൻഡ്, ഗ്രീസ്, ജർമ്മനി, ഇസ്രായേൽ, ഇറ്റലി, ജപ്പാൻ, മലേഷ്യ, ന്യൂസിലാന്റ്, നെതർലാന്റ്, നോർവേ, പോളണ്ട്, പോർട്ടുഗൽ, സൗത്ത്കൊറിയ, സൗദിഅറേബ്യ, സ്പെയിൻ, സ്വീഡൻ, സ്വിറ്റ്സർലന്റ്, സൗത്ത് ആഫ്രിക്ക, തായ്വാൻ, തായ്ലാന്റ്, തുർക്കി, അമേരിക്ക, ബ്രിട്ടൻ, ഹങ്കറി തുടങ്ങിയ രാജ്യങ്ങളാണ് കയറിന്റെയും കയറുല്പന്നങ്ങളുടെയും നിലവിലുള്ള വിപണി. ഇതുകൂടാതെ വിപണി വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി ആസ്ട്രേലിയയിൽ ഒരു ഡെലിഗേഷനെ അയയ്ക്കുകയും നിരവധി അന്തർദേശീയ എക്സിബിഷനുകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി കയർഫെഡിന് 143 ലക്ഷം രൂപയുടെ വിദേശ വിപണി കണ്ടെത്തുവാൻ കഴിഞ്ഞു. കൂടുതൽ കയർപ്പായ് കയറ്റി അയയ്ക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഫോം മാറ്റിംഗ് ഇന്ത്യാ ലിമിറ്റഡ് 1996-97 മുതൽ 1999-2000 വരെ 14.51 കോടിരൂപയുടെ കയറുല്പന്നങ്ങൾ കയറ്റി അയയ്ക്കുകയുണ്ടായി. കയർ കോർപ്പറേഷൻ ഈ കാലയളവിൽ 10.85 കോടിരൂപയുടെ കയറുല്പന്നങ്ങളും കയറ്റി അയച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽനിന്ന് ഉദ്ദേശം 992 കോടിരൂപയുടെ വിദേശനാണ്യം കയർവിപണിയിലൂടെ നേടിയിട്ടുണ്ട്. ഈ കാലയളവിൽ കയറ്റുമതിയിൽ 12,500 മെട്രിക് ടണ്ണിന്റെ വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(ഇ) ഉണ്ട്. സംഘടിതമേഖലയിൽ പ്രവർത്തിക്കുന്ന ഫോം മാറ്റിംഗ് (ഇന്ത്യ) ലിമിറ്റഡ് ലാഭകരമായി പ്രവർത്തിച്ചു വരുന്നു. സംസ്ഥാന കയർ കോർപ്പറേഷനും, കയർഫെഡും ലാഭകരമാക്കാനുള്ള ശ്രമത്തിലാണ്. കൂടാതെ പ്രാഥമിക കയർ സംഘങ്ങളെ പുനരുദ്ധരിക്കാനുള്ള ഒരു ബ്രഹത്പദ്ധതിയും നടപ്പാക്കിവരുന്നു. അതിന്റെ ഫലമായി ഉത്പാദനത്തിലും തൊഴിലാളികളുടെ എണ്ണത്തിലും തൊഴിൽദിനത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്.

സാമൂഹ്യക്ഷേമവകുപ്പിന്റെ പ്രവർത്തനം

6 (*413) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഗതികൾക്കും മറ്റും നൽകി വരുന്ന പെൻഷനുകൾ യഥാസമയം വിതരണം

LIBRARY ARCHIVES Kerala Legislative Assembly